# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2272 **17.02.2016** ൽ മറുപടിക്ക്

## തിരുവനന്തപുരം മൃഗശാല വികസനം

ചോദ്യം ഉത്തരം

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാലയുടെ വികസനത്തിന് 2011 മുതൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) | മൃഗശാലയുടെ അടുത്ത 20 വർഷത്തെ വികസനം മുന്നിൽ കണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കേന്ദ്രമൃഗശാലാ അതോറിറ്റി അംഗീകരിച്ചു. അനാക്കോണ്ട, കേഴമാൻ, നീലക്കാള, മലയണ്ണാൻ, കുറുക്കൻ, കഴുതപ്പുലി എന്നീ മൃഗങ്ങൾക്കുള്ള പരിബന്ധനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. അക്വേറിയം നവീകരണം, ജലപക്ഷികളുടെ കൂട് എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. കൂടാതെ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, വാക്കിടോക്കി, സർവയലൻസ് ക്യാമറ, വലിയ കുളത്തിൽ ഫൗണ്ടൻ എന്നിവ സ്ഥാപിക്കുകയും, ഏഴ് ബാറ്ററി വാഹനങ്ങൾ വാങ്ങുകയുമുണ്ടായി. മാസ്റ്റർ പ്ലാൻ പ്രകാരം പുതിയതായി നിർമ്മിക്കാനുള്ള പരിബന്ധനങ്ങൾക്കുള്ള നടപടി സ്വീകരിച്ചു വരുന്നു. സന്ദർശകരുടെ സൗകര്യാർത്ഥം കൂടുതൽ ടോയിലറ്റ് ബ്ലോക്കുകൾ, കുടിവെള്ള കിയോസ്കുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഇതിനായി ചെലവഴിച്ച തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>2011-12 - 7,75,00,000 രൂപ<br>2012-13 - 10,57,94,227 രൂപ<br>2013-14 - 11,75,84,846 രൂപ<br>2014-15 - 10,07,48,805 രൂപ<br>2015-16 - 7,97,47,223 രൂപ |

| | | | |
|---|---|---|---|
| (സി) | പുതിയതായി ഏതെല്ലാം മൃഗങ്ങളെയാണ് പ്രസ്തുത കാലയളവിൽ കൊണ്ടുവന്നത് എന്ന് വ്യക്തമാക്കാമോ ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ വെള്ളകൃഷ്ണ മൃഗങ്ങൾ, വെള്ളക്കടുവകൾ, കേഴമാനുകൾ, നീലക്കാളകൾ, ഇന്ത്യൻ കാട്ടുപോത്തുകൾ, കാട്ടുകോഴികൾ, വൈറ്റ് ഐബിസുകൾ, പെയിന്റഡ് സ്റ്റോർക്കുകൾ, കോമൺ മാർമോസൈറ്റുകൾ, ബാരാ സിംഗകൾ, റോസി പെലിക്കണുകൾ, മുള്ളൻ പന്നികൾ, വാത്തകൾ (വെള്ള), റീസസ് കുരങ്ങുകൾ, കരിങ്കുരങ്ങുകൾ, മലയണ്ണാനുകൾ, ഹിമാലയൻ കഴുകൻമാർ, നക്ഷത്ര ആമകൾ, മണ്ണുലി പാമ്പുകൾ, അനാകോണ്ടകൾ എന്നിവയെ കൊണ്ടുവന്നിട്ടുണ്ട്. |

Saradadevi

സെക്ഷൻ ഓഫീസർ